പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5786** **29.07.2015-ൽ** മറുപടിക്ക്

കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വരവും ചെലവും

ചോദ്യം

ശ്രീ. വി.എസ്. സുനിൽ കുമാർ :
" വി. ശശി :
" ഇ. ചന്ദ്രശേഖരൻ :
" കെ. രാജു :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഈ സർക്കാരിൽ നിന്നും ഇതുവരെ എത്ര തുക വായ്പ എടുത്തിട്ടുണ്ട്; ഇതിൽ ഇനി തിരിച്ചടയ്ക്കാനുള്ള വായ്പത്തുക എത്ര ; വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ നാളിതുവരെ കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രവർത്തനമൂലധന വായ്പയായി 1060.82 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ടി വായ്പാ തുക തിരിച്ചടച്ചിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി മറ്റ് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും ഇതേ കാലത്ത് എത്ര രൂപ വീതം വായ്പയെടുത്തിട്ടുണ്ട്; പ്രസ്തുത വായ്പയിലോരോന്നിലും ഇനി എത്ര തുക വീതം അടച്ചുതീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പയെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. (30.06.2015 വരെ)

| ധനകാര്യ സ്ഥാപനം | വായ്പാ തുക | തിരിച്ചൊടുക്കാനുള്ള തുക |
|---|---|---|
| ഹഡ്കോ | 195 കോടി | 139.76 കോടി |
| കെ.റ്റി.ടി.എഫ്.സി | 1908 കോടി | 915.45 കോടി |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 200 കോടി | 180.85 കോടി |
| കെ.എസ്.റ്റി സൊ.സൈറ്റി.റ്റി.133 | 10 കോടി | 8.47 കോടി |

(സി) 2015 ജനവരി മാസം മുതൽ ഇതുവരെ കെ.എസ്.ആർ.ടി.സി യുടെ ഓരോ മാസത്തിലെയും വരവും ചെലവും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

(സി) പ്രതിമാസ വരവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വരവ് (കോടി രൂപ) | ചെലവ് (കോടി രൂപ) |
|---|---|---|
| 01/2015 | 169.41 | 277.08 |
| 02/2015 | 145.71 | 254.60 |
| 03/2015 | 153.35 | 257.49 |
| 04/2015 | 157.87 | 267.63 |
| 05/2015 | 176.44 | 273.33 |
| 06/2015 | 167.12 | 267.31 |

സെക്ഷൻ ഓഫീസർ